## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7660

23.07.2012 ൽ മറുപടിയ്ക്ക്

### പ്ളാനിംഗ് ബോർഡിൽ പാർട്ട്ടൈം സ്വീപ്പർ നിയമനം

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യ മന്ത്രി). | |
| (എ) | വെള്ളനാട് മിത്രാനികേതൻ പി.ഒ.യിൽ അശ്വതി ഭവനിലെ ശ്രീ.കെ.പി.കുഞ്ഞൻ സംസ്ഥാന പ്ളാനിംഗ് ബോർഡിൽ ഏത് തസ്തികയിലാണ് ജോലി നോക്കുന്നത്; ടിയാൻ എത്ര നാളായി ഇവിടെ തുടരെ ജോലി ചെയ്യുന്നുണ്ട്; ഇപ്പോൾ ജോലി നോക്കുന്നത് ഏത് തരത്തിലുള്ള നിയമനപ്രകാരമാണ്; | (എ) | ശ്രീ.കെ.പി.കുഞ്ഞൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ദിവസ വേതന അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ ആയിട്ടാണ് ജോലി ചെയ്യുന്നത്. 29.10.2007 മുതൽ തുടരെ ജോലി ചെയ്യുന്നു. സർക്കാരിന്റെ പ്രത്യേക അനുമതി പ്രകാരം ദിവസവേതനാടിസ്ഥാന ത്തിലാണ് ടിയാൻ ജോലി നോക്കുന്നത്. |
| (ബി) | പ്ളാനിംഗ് ബോർഡിൽ തുടർച്ചയായി ദീർഘകാലം ജോലി ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇദ്ദേഹത്തിന് സ്ഥിരം നിയമനം നൽകണമെന്ന് ബോർഡ് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ ഈ ശുപാർശ സർക്കാർ അനുകൂലമായി പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ത് കാരണത്താലാണ് നിരസിച്ചിട്ടുള്ളത്; | (സി) | ഇല്ല. 25-11-2005 ൽ കാഷ്വൽ/ ഡെയ്‌ലി വേജ് സ്വീപ്പറായി സർവ്വീസിൽ ഇല്ലാത്തതിനാൽ 9-2-2010 ലെ സ.ഉ.(പി) നം. 61/2010/ധന പ്രകാരം ടി തസ്തികയിൽ സർവ്വീസ് ക്രമീകരിക്കുന്നതിന് ശ്രീ.കെ.പി.കുഞ്ഞൻ അർഹനായിരുന്നില്ല. എന്നിരുന്നാലും പ്ളാനിംഗ് ബോർഡിൽ നിന്നു ലഭിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ |

→

ടിയാന് ദിവസ വേതനാടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നതിന് സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാന പ്ളാനിംഗ് ബോർഡിൽ വളരെക്കാലമായി യാതൊരു പരാതിക്കും ഇടനൽകാതെ ജോലി ചെയ്യുന്ന പട്ടികജാതിക്കാരനും സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നതുമായ ശ്രീ.കെ.പി. കുഞ്ഞനെ മാനുഷികമായ പരിഗണന നൽകി പാർട്ട്ടൈം സ്വീപ്പറായി നിയമിക്കുമോ;

(ഡി) പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്കുള്ള നിയമനം എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നടത്തേണ്ടത്. അപ്രകാരമല്ലാതെ നിയമിക്കപ്പെട്ട ശ്രീ.കെ.പി.കുഞ്ഞന് മാനുഷിക പരിഗണന നൽകിയാണ് ദിവസ വേതനാടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്നതിന് അനുമതി നൽകിയത്.

(ഇ) ഇത് സംബന്ധിച്ച് ഇദ്ദേഹം സംസ്ഥാന മുഖ്യമന്ത്രിയുടെ സുതാര്യ കേരളം പരിപാടിയിൽ അപേക്ഷ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

(ഇ) ഉണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ച് ആവശ്യം നിരസിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ